(സി) നിലവിൽ 31 സീമാൻമാർ ഉണ്ടെങ്കിലും അവരെതന്നെ പോസ്റ്റ് ചെയ്യാൻ മാത്രം ജലയാനങ്ങൾ പോർട്ട് വകുപ്പിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ലാത്തതിനാൽ കൂടുതൽ ജലയാനങ്ങൾ പോർട്ട് വകുപ്പിൽ പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് ആവശ്യമായ തസ്തികകളിൽ പി.എസ്.സി.മുഖാന്തിരം നിയമനം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

90 (2568) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം യുവജനക്ഷേമത്തിനായി ആവിഷ്ക്കരിച്ചതും നടപ്പിലാക്കിയതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് യുവകർമ്മസേന പ്രവർത്തിച്ചുവരുന്നുണ്ടോ; സേന ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വഴി യുവജനങ്ങളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. യുവശക്തി
2. കേരളോത്സവം
3. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് യുവകർമ്മസേന
4. കൗമാര പ്രായക്കാരുടെ ശാക്തീകരണം
5. സ്വയംതൊഴിൽ പരിശീലന പദ്ധതി
6. മദ്യം, മയക്കുമരുന്ന്, വർഗ്ഗീയത, തീവ്രവാദം എന്നിവക്കെതിരായ ബോധവൽക്കരണ പരിപാടികൾ
7. സാഹസിക പ്രവർത്തനങ്ങൾ
8. യുവജന പ്രവർത്തനങ്ങൾ നടത്തുന്ന മികച്ച ക്ലബ്ബിനും/ സന്നദ്ധസംഘടനയ്ക്കും വ്യക്തിക്കും യൂത്ത് അവാർഡ്
9. ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കൽ
10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്
11. യുവാക്കൾക്കായി എക്സിബിഷൻ
12. നാടൻ കലകളിൽ പരിശീലനം
13. തൊഴിൽ മേളകൾ സംഘടിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

14. യുവനേതൃത്വ ക്യാമ്പ്/ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്

15. യുവാക്കൾക്കായി ബോട്ട് ക്രൂ പരിശീലനം

16. ജാലകം പദ്ധതി

17. യുവകാർഷിക ക്ലബ്ബുകൾ, വനിതാ യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം

18. ആദിവാസി/ഗോത്രവർഗ്ഗ യുവജനതയ്ക്കായി ആദിവാസി മേള (ട്രൈബൽ യൂത്ത് പ്രോഗ്രാം)

19. അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

20. സനാഥ ബാല്യം പദ്ധതി

21. ടീൻസ് ക്ലബ്ബ്

22. യൂത്ത് ഫോറം.

ഇവ കൂടാതെ യുവജനങ്ങളുടെ ക്ഷേമത്തിനായി ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന സംഘടനകൾ, യുവജന ക്ലബ്ബുകൾ മറ്റ് സംഘടനകൾ എന്നിവ മുഖേന സ്വയംതൊഴിൽ പരിശീലനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സാഹസിക പരിശീലന പദ്ധതികൾ, കാർഷിക വികസന പദ്ധതികൾ, നാടൻകലാ പരിശീലന കളരികൾ, തൊഴിൽ മേളകൾ മുതലായ പരിപാടികൾ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന യൂത്ത് കോർഡിനേറ്റർ മുഖേന ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും ദുരന്തമേഖലകളിൽ രക്ഷാ പ്രവർത്തനം നടത്തുകയാണ് യുവ കർമ്മസേനയുടെ സേവനം.

ത്രിതല പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

91 (2569) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമവകുപ്പിന്റെകീഴിൽ ത്രിതലപഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഇതിനാവശ്യമായ ഫണ്ടുകൾ ത്രിതലപഞ്ചായത്തുകൾക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അതി ബൃഹത്തായ യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള യൂത്ത് സെന്ററുകൾ മുഖേന യൂത്ത് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് യുവശക്തി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെയും ഉപദേശക സമിതി

LIBRARY ARCHIVES Kerala Legislative Assembly